പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1138 — 02-05-2017-ലെ മറുപടിയ്ക്ക്

# കുറച്ചു സ്ഥലത്ത് ആദായകരമായി ചെയ്യാവുന്ന കൃഷി രീതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |
| **എ)** കുറച്ചു കൃഷി സ്ഥലത്ത് കൂടുതൽ ആദായകരമായി ചെയ്യാവുന്ന കൃഷി രീതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | **(എ)** | ഉണ്ട്. 'ഹൈടെക് കൃഷി രീതികൾ' എന്നറിയപ്പെടുന്ന ഇത്തരം കൃഷിരീതികളിൽ ആധുനിക ശാസ്ത്രീയ കൃഷിമുറകളുപയോഗിച്ച് കുറഞ്ഞ സ്ഥലത്തുനിന്നും വമ്പിച്ച ഉൽപാദനമാണ് സാധിക്കുന്നത്. പോളിഹൗസ് കൃഷി, ഗ്രീൻഹൗസ് കൃഷി, പ്രിസിഷൻ ഫാമിംഗ്, ഹൈഡ്രോ പോണിക്സ്, വെർട്ടിക്കൽ ഫാമിംഗ്, ഹൈ-ഡെൻസിറ്റി പ്ലാനിംഗ് തുടങ്ങിയ കൃഷി രീതികൾ ഇതിലുൾപ്പെടുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയാണ് ഇത്തരം കൃഷിരീതികളിൽ വിജയം കൊയ്യുന്നത്. പച്ചക്കറി കൃഷി, പൂ കൃഷി, വാഴ കൃഷി, മറ്റ് പഴവർഗ്ഗ വിളകളുടെ കൃഷി എന്നിവയാണ് ഈ രീതിയിൽ ചെയ്യുന്നത്. |
| **(ബി)** ഇത്തരം കൃഷിരീതികളുടെ പ്രചാരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | **(ബി)** | സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന 'ഹൈടെക് അഗ്രിക്കൾച്ചർ' പദ്ധതി നടപ്പിലാക്കി പോളിഹൗസ് നിർമ്മാണത്തിന് ധനസഹായം നൽകിവരുന്നു. പ്രിസിഷൻ ഫാമിംഗ്, ഹൈഡെൻസിറ്റി പ്ലാനിംഗ് തുടങ്ങിയ കൃഷി രീതികൾക്കും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ധനസഹായം നൽകി വരുന്നു.<br><br>2017-18 സാമ്പത്തിക വർഷത്തെ പച്ചക്കറികൃഷി വികസന പദ്ധതിയിലും ഒരു ഘടകമായി നഗരപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ മിനിപോളി ഹൗസുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നതിനായി 100 ലക്ഷം രൂപ ബജറ്റ് വിഹിതമായി നീക്കിവെച്ചിട്ടുണ്ട്. |

(സി) ഇത്തരം കൃഷിരീതികളെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തി സ്വയംതൊഴിൽ പദ്ധതികളായി പ്രയോജനപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ?

(സി) 'ഹൈടെക് അഗ്രിക്കൾച്ചർ', പച്ചക്കറി കൃഷി വികസന പദ്ധതി എന്നീ പദ്ധതികളിലൂടെ നൽകുന്ന ധനസഹായം പ്രയോജനപ്പെടുത്തി കർഷകർക്കും കൃഷിയിൽ താൽപര്യമുള്ള ചെറുപ്പക്കാർക്കും ഇത്തരം യൂണിറ്റുകൾ പ്രാവർത്തികമാക്കുവാനും ഇതൊരു സ്വയംതൊഴിൽ സംരംഭമായി വികസിപ്പിക്കുവാനുമുള്ള അവസരമുണ്ട്. സാമ്പത്തിക സഹായത്തോടൊപ്പം സാങ്കേതിക ഉപദേശവും/സഹായവും ഇതിനായി ലഭിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**